**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5711** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി. കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്ന വായ്പയിൽ എത്ര കുറവ് വരുത്തിയെന്നും ആയതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. പ്രസ്തുത വായ്പ പരിധിയ്ക്ക് ഉപരിയായി സംസ്ഥാനം അധിക വായ്പയെടുക്കുകയാണെങ്കിൽ ആ തുക തുടർന്ന് വരുന്ന വർഷത്തെ വായ്പ പരിധിയിൽ കുറവ് വരുത്തുന്നതാണ്. സംസ്ഥാനം വായ്പ പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത പക്ഷം വായ്പയെടുക്കാത്ത തുക തുടർന്ന് വരുന്ന വർഷത്തിലെ വായ്പാപരിധിയിൽ ചേർത്ത് വായ്പയെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി കുടിശ്ശിക എത്രയെന്നും ആയത് നേടിയെടുക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ? | (ബി) | 2017-18 മുതൽ 2021-22 (ഒക്ടോബർ 21 വരെ) സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയും, ലഭിച്ച നഷ്ടപരിഹാര തുകയും, ബാക്കി ലഭിക്കാനുള്ള തുകയും താഴെ ചേർക്കുന്നു. Year Compensation Receivable (Rs. Cr.) Compensation Received (Rs. Cr.) Balance Compensation Receivable (Rs. Cr.) 2017-18 2159.32 2102.00 57.32 2018-19 3557.79 3532.00 25.79 2019-20 8099.60 8111.00 -11.40 2020-21 12144.85 10671.51 1473.34 2021-22 (October 2021) 9137.46 8739.31 398.15 2017-18-ൽ 57.32 കോടിയും 2018-19-ൽ 25.79 കോടിയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. നിലവിലെ കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ ഉണ്ടായ കുറവ് കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 41-ാംമത് |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടു വയ്ക്കുകയും ചെയ്തു. എന്നാൽ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് 2020-21 സാമ്പത്തിക വർഷം കേരളത്തിന് 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം 4905.51 കോടി രൂപ നഷ്ടപരിഹാരത്തുകയും ലഭിച്ചിട്ടുണ്ട്. അപ്രകാരം ആകെ 10671.51 (5766 + 4905.51) കോടി രൂപ 2020-21 സാമ്പത്തിക വർഷം ലഭിച്ചു. 2020-21 സാമ്പത്തിക വർഷം 1473.34 കോടി രൂപ നഷ്ടപരിഹാരം ബാക്കി ലഭിക്കാനുണ്ട്. 2021-22 സാമ്പത്തിക വർഷം പൊതുവിപണിയിൽനിന്നും 159000കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിന് 2021-22 സാമ്പത്തിക വർഷം 8739.31 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ഒക്ടോബർ 21 വരെ 398.15കോടി രൂപ നഷ്ടപരിഹാരം ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ

| Year | Compensation Receivable (Rs. Cr.) | Compensation Received (Rs. Cr.) | Balance Compensation Receivable (Rs. Cr.) |
|---|---|---|---|
| 2017-18 | 2159.32 | 2102.00 | 57.32 |
| 2018-19 | 3557.79 | 3532.00 | 25.79 |
| 2019-20 | 8099.60 | 8111.00 | -11.40 |
| 2020-21 | 12144.85 | 10671.51 | 1473.34 |
| 2021-22 (October 2021) | 9137.46 | 8739.31 | 398.15 |